(ബി) 1. പദ്ധതിയിൽ എൻറോൾ ചെയ്യുന്ന സമയത്ത് കർഷകന് സ്വന്തമായി 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടി ഉണ്ടായിരിക്കണം.

2. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം. ബി.പി.എൽ. ഗുണഭോക്താക്കളുടെ അഭാവത്തിൽ എ.പി.എൽ. ഗുണഭോക്താക്കളെയും പരിഗണിക്കും.

3. പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ അപേക്ഷകർക്കും ആനുകൂല്യം നൽകേണ്ടതാണ്.

4. ആകെ തെരഞ്ഞെടുക്കപ്പെട്ടവരിൽ 10 ശതമാനം പട്ടികജാതിയിൽ ഉള്ളവരായിരിക്കണം. ഇപ്രകാരം ലഭ്യമല്ലെങ്കിൽ പൊതുവിഭാഗത്തെയും പരിഗണിക്കാവുന്നതാണ്.

5. മുൻപ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത കർഷകർ, സ്ത്രീകൾ, വിധവകൾ, ജവാന്മാരുടെയും, എക്സ് സർവ്വീസുകാരുടെയും ആശ്രിതർ എന്നിവർക്ക് മുൻഗണന നൽകണം.

6. ഗുണഭോക്തൃപട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം ആവശ്യമാണ്.

7. ഗോവർദ്ധിനി, സുരഭിരക്ഷ എന്നീ പദ്ധതികളിൽ സർക്കാർ മൃഗാശുപത്രിയിൽ രൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിലെ മുൻഗണനാക്രമത്തിലാണ് കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നത്.

(സി) ഗോവർദ്ധിനി, സുരഭിരക്ഷ എന്നീ പദ്ധതികളിൽ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ല. സർക്കാർ മൃഗാശുപത്രിയിൽ രൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിലെ മുൻഗണനാക്രമത്തിലാണ് കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നത്.

സംസ്ഥാനത്ത് പക്ഷിപ്പനി തടയാൻ നടപടി

309 (1752) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആശങ്ക ഉടലെടുത്തപ്പോൾ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം തരം പക്ഷിമൃഗാദികളിലാണ് ഇത് വ്യാപകമായിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുവരെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ താറാവുകളിലാണ് രോഗം സ്ഥിരീകരിച്ച റിപ്പോർട്ടുകളുള്ളത്. താറാവുകളിലാണ് വ്യാപകമായി ഇപ്പോൾ രോഗം കാണുന്നത്.

(സി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ Animal Husbandry, Dairying & Fisheries Department പുറപ്പെടുവിച്ചിട്ടുള്ള Revised Guidelines അനുസരിച്ചാണ് പ്രതിരോധ/മുൻകരുതലുകൾ പ്രാവർത്തികമാക്കുന്നത്. ഇതിൽ പ്രധാനമായും പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 10 കി.മീ. ചുറ്റളവ് കണക്കാക്കി അകത്തെ ഒരു കി.മീ. ചുറ്റളവിലുള്ളവയെ നശിപ്പിച്ചും തുടർന്നുള്ള 9 കി.മീ. ചുറ്റളവിലുള്ള പക്ഷികളെ നിരീക്ഷിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയാണ് പ്രധാനം.

കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്താൻ നടപടി

310 (1753) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര വെറ്ററിനറി പോളി ക്ലിനിക്കുകളാണ് ഉള്ളത് ;

(ബി) ഇവയുടെ പേരുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വെറ്ററിനറി പോളി ക്ലിനിക്കുകൾ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ് എന്ന് പറയാമോ ;

(ഡി) കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്താനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കാഞ്ഞങ്ങാട്, വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly